നമ്പര്‍. സി ബി(1)28835/2008.                സഹകരണ സംഘം രജിസ്ട്രാര്‍ ആഫീസ്,
തിരുവനന്തപുരം, തീയതി, 12.11.2008.

# സര്‍ക്കുലര്‍ നമ്പര്‍ - 72(എ)/ 2008

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങള്‍/ ബാങ്കുകള്‍ നല്‍കിവരുന്ന കാര്‍ഷിക വായ്പകളുടെ പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിര്‍ദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) സഹകരണ സംഘം രജിസ്ട്രാറുടെ 30.6.2008 ലെ 45/2008-ാം നമ്പര്‍ സര്‍ക്കുലര്‍.
2) 30.10.2008 ല്‍ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയില്‍ ചേര്‍ന്ന സെന്‍ട്രല്‍ ബാങ്ക്സ് കോണ്‍ഫറന്‍സ് തീരുമാനം.

സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങള്‍/ബാങ്കുകള്‍ നല്‍കിവരുന്ന കാര്‍ഷിക വായ്പകള്‍ക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് നിശ്ചയിച്ച് സൂചന (1) പ്രകാരം നിര്‍ദ്ദേശം പുറപ്പെടുവിച്ചിരുന്നു. 2008-09 വര്‍ഷത്തെ കാര്‍ഷിക വായ്പാ വിതരണം സംബന്ധിച്ച വിഷയം സൂചന(2) പ്രകാരം ചേര്‍ന്ന സെന്‍ട്രല്‍ ബാങ്ക്സ് കോണ്‍ഫറന്‍സില്‍ വിശദമായി ചര്‍ച്ച ചെയ്യുകയും കര്‍ഷകര്‍ക്ക് കുറഞ്ഞ പലിശ നിരക്കിലും സുഗമമായും കാര്‍ഷിക വായ്പ നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2008-09 വര്‍ഷം ഹ്രസ്വകാല കാര്‍ഷിക വായ്പ 7% പലിശ നിരക്കില്‍ വിതരണം ചെയ്യണമെന്ന നബാര്‍ഡ് പോളിസിയും സംസ്ഥാനത്ത് 7% പലിശ നിരക്കില്‍ വിതരണം ചെയ്യുന്ന കാര്‍ഷിക വായ്പയ്ക്ക് 3.5% പലിശ നിരക്കില്‍ നബാര്‍ഡ് പുനര്‍ വായ്പ ലഭ്യമാക്കുമെന്ന സാഹചര്യവും കണക്കിലെടുത്ത് സംസ്ഥാനത്ത് 7% പലിശ നിരക്കില്‍ കാര്‍ഷിക വായ്പ വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം ചേര്‍ന്ന യോഗം തീരുമാനിച്ചു. നബാര്‍ഡില്‍ നിന്നും 3.5% പലിശനിരക്കില്‍ ലഭിക്കുന്ന വായ്പയോടൊപ്പം സംസ്ഥാന സഹകരണ ബാങ്ക് അവരുടെ വിഹിതം കൂടി ചേര്‍ത്ത് 4% പലിശ നിരക്കില്‍ ജില്ലാ സഹകരണ ബാങ്കുകള്‍ക്കും, ജില്ലാ സഹകരണ ബാങ്കുകള്‍ അവരുടെ വിഹിതം കൂടി ചേര്‍ത്ത് 5% പലിശ നിരക്കില്‍ പ്രാഥമിക കാര്‍ഷിക വായ്പാ സഹകരണ സംഘങ്ങള്‍ക്കും, പ്രാഥമിക കാര്‍ഷിക വായ്പാ സഹകരണ സംഘങ്ങള്‍ 7% പലിശ നിരക്കിലും കാര്‍ഷിക വായ്പ വിതരണം ചെയ്യണമെന്നും സൂചന (2) പ്രകാരം ചേര്‍ന്ന യോഗം തീരുമാനിച്ചു.

മേല്‍ സാഹചര്യത്തില്‍ സംസ്ഥാനത്തെ വിവിധ തട്ടുകളില്‍ നിലകൊള്ളുന്ന വായ്പാ സഹകരണ സംഘങ്ങള്‍/ബാങ്കുകള്‍ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാര്‍ഷിക വായ്പയ്ക്ക് മേലില്‍ ഈടാക്കാവുന്ന പലിശ നിരക്ക് ചുവടെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സഹകരണ സംഘങ്ങൾ/ബാങ്കുകൾ | ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് (ശതമാനത്തിൽ) |
|---|---|---|
| 1 | സംസ്ഥാന സഹകരണ ബാങ്ക്- ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും | 4 |
| 2. | ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും | 5 |
| 3 | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ കർഷകരിൽ നിന്നും | 7 |

പഞ്ചായത്ത് തലത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കൃഷിവകുപ്പിന്റെ കൂടി സഹകരണത്തോടെ കർഷകരുടെ യോഗം വിളിച്ചുകൂട്ടി കാർഷിക വായ്പാ വിതരണം സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും കർഷകർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ബോധവത്കരണം നടത്തേണ്ടതും, കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ ലഭ്യമാക്കുന്നതിനും കാർഷിക വായ്പാ വിതരണത്തിൽ കൂടുതൽ പുരോഗതിയും, നേട്ടവും കൈവരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്,
**റാണിജോർജ്ജ് ഐ.എ.എസ്.**
സഹകരണ സംഘം രജിസ്ട്രാർ.

1. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും.
6. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ,
   സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ ജില്ലാ സഹകരണ ബാങ്കുകൾ.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ആഡിറ്റ്) (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മുഖേന
8. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ.
11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
12. എഡിറ്റർ, സഹകരണ വീഥി.
13. സ്റ്റോക്ക് ഫയൽ.14. സ്പെയർ.

ആജ്ഞാനുസരണം,

**അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി.സെക്ഷൻ)**